കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.മേഴ്സിമോൾ.പി.ഒ യെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.482/2016/തസ്വഭവ തീയതി,തിരുവനന്തപുരം,06/02/2016**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി)നം. 501/05/ധന നമ്പർ ഉത്തരവ്.
2. 9/02/2010 ലെ ലെ സഉ(പി)നം. 61/2010/ധന നമ്പർ ഉത്തരവ്.
3. ശ്രീമതി.മേഴ്സിമോൾ.പി.ഒ യുടെ 14/02/2012, 19/11/2014 തീയതികളിലെ അപേക്ഷകൾ.
4. കുമളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02/01/2012 ലെ VIII(18) നമ്പർ തീരുമാനം.
5. പഞ്ചായത്തു ഡയറക്ടറുടെ 15/12/2014 തീയതിയിലെ ഇ 9-30496/11 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.മേഴ്സിമോൾ.പി.ഒ തന്റെ നിയമനം ക്രമവൽക്കരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം കുമളി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പരാമർശം 5 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 694 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യയുള്ള കുമളി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലില്ല .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 20/08/1999 മുതൽ കുമളി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. മേഴ്സിമോൾ. പി.ഒ യെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പറുടെ തസ്തിക

സൃഷ്ടിച്ച് ഉത്തരവു തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി ജില്ല.
സെക്രട്ടറി, കുമളി ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല.
ശ്രീമതി.മേഴ്സിമോൾ.പി.ഒ, സ്വീപ്പർ, കുമളി ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല.
(സെക്രട്ടറി, കുമളി ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്( യു.ഒ നം. 110611 /വ്യയം സി2/15/ധന തീയതി 13/10/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ